(ബി) ഇപ്പോൾ നിലവിലുള്ള സ്റ്റോഴ്സ് പർച്ചേസ് നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിച്ച് മാനുവലിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് വേണ്ടി ഒരു സ്പെഷ്യൽ ഓഫീസറെ സർക്കാർ നിയമിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**20 (*545) കാർഷികാധിഷ്ഠിത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി**

ശ്രീ. ബാബു ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷികാധിഷ്ഠിത വ്യവസായങ്ങളെ പ്രോത്സഹിപ്പിക്കുവാൻ പുതിയ കമ്പനി രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ മൂലധനം, ലക്ഷ്യങ്ങൾ, പ്രവർത്തനരീതി എന്നിവ സംബന്ധിച്ച വിശദ വിവരങ്ങൾ നൽകുമോ;

(സി) പ്രസ്തുത കമ്പനികളുടെ ആഭിമുഖ്യത്തിൽ എന്തെല്ലാം വ്യവസായങ്ങളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് വ്യവസായം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഇ) ഗതാഗത സൗകര്യവും അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നതിന് സൗകര്യവുമുള്ള ഗ്രാമപ്രദേശങ്ങളിൽ കാർഷിക വ്യവസായങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) സംസ്ഥാനത്ത് കാർഷികാധിഷ്ഠിത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ ഒരു കാർഷിക വികസന ധനകാര്യ കമ്പനി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി)-(ഇ) ഇക്കാര്യത്തെ സംബന്ധിച്ച അന്തിമ രൂപം ആയിട്ടില്ല.

**21 (*546) വനവിഭവങ്ങളുടെ സംരക്ഷണം**

ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. പി. രാഘവൻ :
ശ്രീമതി എൻ.കെ. രാധ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനോൽപ്പന്നങ്ങൾ അനധികൃതമായി സംഭരിക്കൽ, അനധികൃതമായ മരംമുറിക്കൽ, വന്യമൃഗങ്ങളെ വേട്ടയാടൽ തുടങ്ങിയ കുറ്റകൃത്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പൂർണ്ണമായി തടയാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കുറ്റകൃത്യങ്ങൾ തടയുന്നതിന് വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) വനവിഭവങ്ങൾ അനധികൃതമായി കടത്തിക്കൊണ്ടുപോയത് സംബന്ധിച്ച് 1998-99-ൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; വനസംരക്ഷണ നിയമം ലംഘിച്ചതിനും വന്യജീവി സംരക്ഷണ നിയമം ലംഘിച്ചതിനും എത്ര കേസുകൾവീതം പ്രസ്തുത വർഷം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വനം കൈയേറ്റം, വന്യജീവി നിയമലംഘനം തുടങ്ങിയ രംഗങ്ങളിൽ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ: എ. നീലലോഹിതദാസൻ നാടാർ) :

(എ) പ്രസ്തുത അനധികൃത നടപടികൾ തടയാനും വനസംരക്ഷണം കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനും താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. പട്രോളിംഗ് ശക്തമാക്കി.

2. വനംവകുപ്പ് സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥർക്ക് കൂടുതൽ വാഹനം, വയർലസ് സെറ്റുകൾ, തോക്കുകൾ, വെടിക്കോപ്പുകൾ എന്നിവ ഉൾപ്പെടുന്ന ആയുധങ്ങൾ നൽകുന്നു.

3. കുറ്റവാളികൾക്ക് കഠിനശിക്ഷ ഉറപ്പുവരുത്തുന്ന വിധത്തിൽ കേരള വനനിയമം ഭേദഗതി വരുത്തി. ഏറ്റവും കുറഞ്ഞ തടവ് ഒരു വർഷമാക്കി. ഈ നിയമം കർശനമായി നടപ്പിലാക്കുവാനും, കള്ളക്കടത്തിന് ഉപയോഗിക്കുന്ന വാഹനങ്ങൾ കണ്ടുകെട്ടുവാനും നടപടി സ്വീകരിക്കുന്നു.

4. മോഷണവസ്തുക്കൾ ഉപയോഗിക്കാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ മിന്നൽപരിശോധന നടത്തുകയും, വനം വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും ചെയ്തു.

5. വനസംരക്ഷണത്തിൽ പൊതുജനങ്ങളെ ബോധവാന്മാരാക്കാനുള്ള ശ്രമം നടത്തുകയും, വനം കുറ്റകൃത്യങ്ങളെക്കുറിച്ച് അറിവ് നൽകുന്നവർക്ക് പ്രോത്സാഹനമായി റിവാർഡ് നൽകുകയും ചെയ്യുന്നു.

6. വനാതിർത്തികൾ അളന്ന് തിരിച്ച് സ്ഥിരം ജണ്ടകൾ നിർമ്മിക്കുന്നു.

7. വനം കേസുകൾ മാത്രം കൈകാര്യം ചെയ്യുവാൻ പുനലൂർ, തൊടുപുഴ, മഞ്ചേരി എന്നിവിടങ്ങളിൽ മൂന്ന് പ്രത്യേക കോടതികൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. വനം വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കണ്ണൂർ എന്നീ ഫ്ളൈയിംഗ് സ്കാഡ് ഡിവിഷനുകളും കാസർകോട്, നെല്ലിയാമ്പതി എന്നീ ഫ്ളൈയിംഗ് സ്കാഡ് യൂണിറ്റു

LIBRARY ARCHIVES Kerala Legislative Assembly

കളും പുതുതായി രൂപീകരിക്കുകയും, പാലക്കാട്, കോഴിക്കോട്, പുനലൂർ എന്നീ ഫ്ളൈയിംഗ് സ്ക്വാഡുകൾ പുനഃസംഘടിപ്പിക്കുകയും ചെയ്തു. ഇവർക്ക് ആവശ്യമായ തോക്കുകളും വെടിക്കോപ്പുകളും വയർലസ് സെറ്റുകളും വാഹനങ്ങളും നൽകിയിട്ടുണ്ട്.

(സി) വനവിഭവങ്ങൾ അനധികൃതമായി കടത്തിക്കൊണ്ടുപോയതിന് കേരള ഫോറസ്റ്റ് പ്രൊഡ്യൂസ് ട്രാൻസിറ്റ് റൂൾ പ്രകാരം 39 കേസുകളും, വന നിയമങ്ങൾ ലംഘിച്ചതിന് 989 കേസുകളും, വന്യജീവി സംരക്ഷണ നിയമങ്ങൾ ലംഘിച്ചതിന് 140 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

**22 (*547) നിക്ഷേപം സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ**

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എ. കണാരൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടേയും അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും നിക്ഷേപം സംസ്ഥാനത്തെ ട്രഷറികളിൽ മാത്രം നിക്ഷേപിക്കണമെന്ന വ്യവസ്ഥ ഇപ്പോൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകളുടെ നിക്ഷേപം ഇപ്പോൾ ട്രഷറികളിലാണോ നിക്ഷേപിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ട്രഷറികളിലെ നിക്ഷേപത്തോത് വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ട്രഷറികളിൽ ഡെപ്പോസിറ്റ് സേവിംഗ്സ്, കൗണ്ടറുകൾ തുറന്ന് പൊതുജനങ്ങൾക്ക് പണം നിക്ഷേപിക്കുന്നതിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) പൊതുജനങ്ങളിൽനിന്നുള്ള നിക്ഷേപസ്വീകരണം സംബന്ധിച്ച് കൂടുതൽ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) നിലവിലുണ്ട്. സർക്കുലർ നം. 7/99/ഫിൻ. തീയതി 21-1-'99 പ്രകാരം എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും അർദ്ധ സർക്കാർ സ്ഥാപനങ്ങളുടേയും നിക്ഷേപങ്ങൾ ട്രഷറികളിൽതന്നെയാക്കാനായി, 6% പലിശ നിരക്കിൽ പുതിയ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ട്രഷറികളിൽ തുടങ്ങാനായി നിർദ്ദേശിച്ചിട്ടുണ്ട്. ടി സർക്കുലറിന്റെ നിബന്ധനകൾ അനുസരിച്ചുകൊണ്ട് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും അർദ്ധ സർക്കാർ സ്ഥാപനങ്ങളും തങ്ങളുടെ നിക്ഷേപങ്ങൾ ട്രഷറികളിൽ മാറ്റി നിക്ഷേപിക്കുന്നതിന് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സർക്കുലറിന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാനായി അതിനു തുടർന്നു വന്ന 21-5-99-ലെ സർക്കുലർ നം. 33/99/ധന.യിലും സർക്കുലർ നം.

LIBRARY ARCHIVES Kerala Legislative Assembly